# മഹാത്മാഗാന്ധി സർവ്വകലാശാല

നം. എഡി.എ1-1-21/2017 തീയതി, 15.09.2018

## പരിപത്രം

വിഷയം:-വൈസ് ചാൻസിലറുടെ അഭ്യർത്ഥന - എല്ലാ ജീവനക്കാരും ഒരു മാസത്തെ ശമ്പളം മുഖ്യമന്ത്രിയുടെ ദുരിതാശ്വാസ നിധിയിലേക്ക് സംഭാവന ചെയ്യുന്നത് - സംബന്ധിച്ച്.

സൂചന:- (1) സ.ഉ. (അച്ചടി) നം. 144/2018/ധന. തീയതി 11.09.2018. (പുറത്തെഴുത്ത് നം. 6717/എ.3/2/2018/ഭ.വി. തീയതി 14.09.2018)

(2) 15.09.2018-ലെ വൈസ് ചാൻസിലറുടെ VC/Apl/3/2018നമ്പർ കുറിപ്പ് പ്രകാരമുള്ള അഭ്യർത്ഥന.

------

2018 ആഗസ്റ്റ് മാസം കേരളത്തിലുണ്ടായ പ്രളയക്കെടുതി വരുത്തിവച്ചിട്ടുള്ള നാശനഷ്ടങ്ങൾ പരിഹരിക്കുന്നതിനും സംസ്ഥാനത്തിന്റെ പൂർവ്വസ്ഥിതി വീണ്ടെടുക്കുന്നതിനുമായി എല്ലാ സർക്കാർ ജീവനക്കാരും ഒരു മാസത്തെ ശമ്പളം സംഭാവന ചെയ്യുന്നത് സംബന്ധിച്ച് സംസ്ഥാന സർക്കാർ സൂചന (1) പ്രകാരം മാർഗ്ഗനിർദ്ദേശങ്ങൾ പുറപ്പെടുവിച്ചിട്ടുണ്ട്.

ഇതിന്റെ അടിസ്ഥാനത്തിൽ, സർവ്വകലാശാലയിലെ എല്ലാ അദ്ധ്യാപക-അനദ്ധ്യാപക ജീവനക്കാരോടുമുള്ള വൈസ് ചാൻസിലറുടെ ചുമതല വഹിക്കുന്ന പ്രൊഫസറുടെ അഭ്യർത്ഥന മറുപുറമായി ചേർത്തിരിക്കുന്നു.

**ഒപ്പ്**
**രജിസ്ട്രാർ**

പകർപ്പ്

1. സെക്ഷനുകൾ/ഡിപ്പാർട്ട്മെന്റുകൾ/സ്കൂളുകൾ/സെന്ററുകൾ
2. വൈസ് ചാൻസിലറുടെ / പ്രോ വൈസ് ചാൻസിലറുടെ പ്രൈവറ്റ് സെക്രട്ടറിമാർ
3. രജിസ്ട്രാർ, കൺട്രോളർ ഓഫ് എക്സാമിനേഷൻസ്, ഫിനാൻസ് ഓഫീസർ എന്നിവരുടെ പി.എ.മാർ
4. ജോയിന്റ് രജിസ്ട്രാർ, ഡെപ്യൂട്ടി രജിസ്ട്രാർ, അസിസ്റ്റന്റ് രജിസ്ട്രാർ (ഭരണവിഭാഗം / പരീക്ഷാ വിഭാഗം / അക്കാദമികം / ധനകാര്യം)
5. പബ്ലിക് റിലേഷൻസ് ഓഫീസർ / കണ്ടന്റ് മാനേജ്മെന്റ് സെക്ഷൻ / ഐ.ക്യു.എ.സി.
6. സ്റ്റോക്ക് ഫയൽ / ഫയൽ കോപ്പി / ഡേ ഫയൽ / നോട്ടീസ് ബോർഡ്

ഉത്തരവിൻ പ്രകാരം,

സെക്ഷൻ ഓഫീസർ

VC/Apl/3/2018 15/09/2018

**മഹാത്മാഗാന്ധി സർവ്വകലാശാല ജീവനക്കാരോടും അദ്ധ്യാപകരോടുമുള്ള വൈസ്ചാൻസലറുടെ അഭ്യർത്ഥന**

മഹാപ്രളയവും പേമാരിയും തീർത്ത ദുരന്തമുഖത്തുനിന്നും കേരള ജനത അസാമാന്യ ഐക്യവും മനോബലവും കൊണ്ട് അതിജീവനത്തിന്റെ പാതയിലാണ്. കെടുതിയിൽ നിന്നും കരകയറുവാൻ ദീർഘകാലാടിസ്ഥാനത്തിലുള്ള കർമ്മ പരിപാടികൾ അനിവാര്യമാണ് ദുരന്തമേഖലയിലെ ജനങ്ങൾ പ്രാഥമിക സൗകര്യങ്ങൾ പോലും ലഭ്യമാകാതെ എല്ലാം നഷ്ടപ്പെട്ട് തങ്ങളുടെ ജീവിതം തിരിച്ചുപിടിക്കുവാൻ അശ്രാന്തപരിശ്രമത്തിലാണ്. ഈ അവസരത്തിൽ എന്തുസഹായവും അധികമാവില്ല എന്ന സാഹചര്യമാണ് നിലനിൽക്കുന്നത്. ലോകമെമ്പാടുമുള്ള മലയാളികൾ മുഖ്യമന്ത്രിയുടെ ആഹ്വാനമനുസരിച്ച് ഈ സംരംഭത്തിൽ പൂർണ്ണമനസ്സോടെ സംഭാവനകൾ എത്തിച്ചുകൊണ്ടിരിക്കുകയാണ്.

എല്ലാ ജീവനക്കാരും അദ്ധ്യാപകരും ഒരു മാസത്തെ ശമ്പളം പത്ത് ഗഡുക്കളായി മുഖ്യമന്ത്രിയുടെ ദുരിതാശ്വാസ നിധിയിലേയ്ക്ക് നൽകണമെന്ന സംസ്ഥാന സർക്കാരിന്റെ അഭ്യർത്ഥന മാനിക്കണമെന്നും നമ്മുടെ സർവ്വകലാശാലയിലെ എല്ലാ ജീവനക്കാരും അദ്ധ്യാപകരും പൂർണ്ണ മനസ്സോടെ ഈ സംരംഭം ഏറ്റെടുക്കണമെന്നും ഞാൻ അഭ്യർത്ഥിക്കുന്നു.

**പ്രൊഫ.(ഡോ.) സാബുതോമസ്**

**വൈസ്-ചാൻസിലറുടെ ചുമതല വഹിക്കുന്ന പ്രൊഫസ്സർ**